പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6510</u> <u>11.07.2012 ൽ മറുപടിക്ക്</u>

## പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സെൽ

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, കെ. അച്ചുതൻ<br>,, പി. എ. മാധവൻ<br>,, ലൂഡി ലൂയിസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) യും (ബി) യും | മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ഫലപ്രദവും കാര്യക്ഷമവുമായ സംരക്ഷണം നൽകുക, അതുവഴി അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, ആരോഗ്യം പോലെയുള്ള അവശ്യം വേണ്ട കാര്യങ്ങളിൽ വൃദ്ധജനങ്ങൾക്കും മുതിർന്ന പൗരന്മാർക്കും മതിയായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക, സ്വതന്ത്രവും സുരക്ഷിതവുമായി സമൂഹത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുക്, വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മുതിർന്ന പൗരന്മാർക്കും വൃദ്ധജനങ്ങൾക്കും മെച്ചപ്പെട്ട ജീവിതസാഹചര്യം ഒരുക്കുക, സ്വതന്ത്രമായും, ഒറ്റപ്പെട്ടും ജീവിക്കുന്ന മുതിർന്ന പൗരന്മാരുടെയും വൃദ്ധജനങ്ങളുടെയും ജീവിതത്തിൽ ഉണ്ടാകാനിടയുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ സാമൂഹ്യക്ഷേമവകുപ്പ്, വിവിധ സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. നില വിൽ 230 പോലീസ് സ്റ്റേഷനുകളിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കിയി ട്ടുള്ളത്.

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ വഴി ലഭിക്കുന്നത് ;

(സി) ഓരോ പോലീസ് സ്റ്റേഷന്റെയും പരി ധിയിൽ താമസിക്കുന്ന മുതിർന്ന പൗര ന്മാരുടെയും നിരാലംബരായ വൃദ്ധജന ങ്ങളുടെയും രക്ഷിതാക്കളുടെയും പേരുവിവരങ്ങൾ, ഫോൺ നമ്പരുകൾ മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് സൂക്ഷിയ്ക്കുക, മുതിർന്ന പൗരന്മാരുടെ ഭവനങ്ങളിൽ ജോലി ചെയ്തുവരുന്നവരുടെ വിശദാംശ ങ്ങളും, പൂർവ്വകാല ചരിത്രവും അന്വേഷിക്കുക, നിരാലംബരായ വൃദ്ധ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുടുംബ സഹായം എന്നിവ മുൻനിർത്തി അതാത് പ്രദേശത്തെ ആരോഗ്യസംരക്ഷകരുടെയും അറ്റകുറ്റ പണി നടത്തുന്നവരുടെയും പേരു വിവരങ്ങളും ഫോൺ നമ്പരുകളും ഉൾപ്പെടുത്തിയ ഡയറക്ടറി വിതരണം ചെയ്യുക, ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ മുതിർന്ന പൗര ന്മാരുടെ വീടുകൾ സന്ദർശിക്കുകയും പട്ടാ ബുക്കുകളിൽ ഒപ്പു വയ്ക്കു കയും സുരക്ഷയ്ക്ക് ആവശ്യം വേണ്ടുന്ന ഉപദേശങ്ങളും നിർദ്ദേശ ങ്ങളും നൽകുകയും ചെയ്യുക, സുരക്ഷ സംബന്ധിച്ച് കൈക്കൊ ള്ളേണ്ട വിവരങ്ങളടങ്ങിയ ലഘുലേ ഖകൾ വിതരണം ചെയ്യുക തുടങ്ങിയ സേവനങ്ങൾ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. ഇ-മെയിൽ വഴി പരാതികളും ആവശ്യങ്ങളും അറിയി ക്കുവാൻ കേരളാ പോലീസ് വെബ്സൈറ്റിൽ ഒരു ലിങ്ക് രൂപീകരി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്. എല്ലാ ശനിയാഴ്ചയും മുതിർന്ന

പൗരന്മാരുടെ ഫോൺ വിളികൾ സ്വീകരിക്കുന്നതിനും, നിയമോപദേശം നൽകുന്നതിനുമായി സ്റ്റേഷൻഹൗസ് ഓഫീസർമാർ രണ്ടു മണിക്കൂർ സമയം നീക്കി വെച്ചിട്ടുണ്ട്. ഇതിനു പുറമേ സന്നദ്ധ സംഘടനകൾ, എൻ. ജി.ഒ.കൾ എന്നിവയുമായി സഹകരിച്ച് മുതിർന്ന പൗരന്മാർക്ക് പോലീസ് സഹായവും, സഹകരണവും, സേവനവും നൽകിവരുന്നു.

(ഡി) സംസ്ഥാനം മുഴുവനും ഇത് വ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

എല്ലാ ജില്ലാ പോലീസ് കൺട്രോൾ റൂമുകളിലും സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈനുകൾ തുടങ്ങുന്നതിനും എല്ലാ പോലീസ് സ്റ്റേഷനുകളിലും സീനീയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ